**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - കൊല്ലം നഗരസഭയിലെ സീനിയർ ക്ലാർക്ക് ശ്രീ. അനിൽകുമാർ. എസ്- മുൻകാല സർവ്വീസ് ശമ്പള നിർണയത്തിന് പരിഗണിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 2566/ 2018/ തസ്വഭവ തീയതി, തിരുവനന്തപുരം, 05.10.2018

പരാമർശം :
1. 13.07.1987 ലെ സ.ഉ.(എം.എസ്) നം . 162/ 87/ തസ്വഭവ
2. 07/ 06/ 89 ലെ സ.ഉ.(എം.എസ്) നം. 55/ 89/ തസ്വഭവ
3. 12/ 09/ 06 ലെ സ.ഉ.(എം.എസ്) നം. 211/ 06/ തസ്വഭവ
4. നഗരകാര്യഡയറക്ടറുടെ 06.04.2018 തീയതിയിലെ ഇ 3-33370/ 17 നം. കത്ത്.

## ഉത്തരവ്

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ കൊല്ലം നഗരസഭയിലെ സീനിയർ ക്ലാർക്കായ ശ്രീ. അനിൽകുമാർ.എസ് 24.06.2005 ൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ.ഡി. ക്ലാർക്കായി ജോലിയിൽ പ്രവേശിക്കുന്നതിന് മുൻപ് 17.06.2004 മുതൽ 23.06.2005 വരെ ഗ്രാമവികസനവകുപ്പിൽ രണ്ടാം ഗ്രേഡ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ച കാലയളവിലെ മുൻകാലസേവന ആനുകൂല്യങ്ങൾ സംരക്ഷിച്ച് നൽകണമെന്ന് പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ സർവ്വീസിൽ നിന്ന് മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറിവരുന്നവർക്ക് മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ച് നൽകുന്നതിന് വ്യവസ്ഥയുള്ള പരാമർശം (1)ലെ ഉത്തരവിനു പ്രാബല്യം 31.3.1984 മുതൽ 11.09.2006 വരെ ആയതിനാൽ,ശ്രീ അനിൽകുമാർ എസ് ഗ്രാമ വികസന വകുപ്പിൽ രണ്ടാം ഗ്രേഡ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ച 17-06-04 മുതൽ 23-06-2005 വരെയുള്ള മുൻകാല സേവനം കണക്കിലെടുത്ത് മുനിസിപ്പൽ കോമൺ സർവ്വീസിൽ ശമ്പള സംരക്ഷണത്തിന് അർഹതയുണ്ട്.

3. മേൽ സാഹചര്യത്തിൽ 13.07.1987 ലെ സ.ഉ.(സാധ.)നം.162/ 87/ തസ്വഭവ. ഉത്തരവിനു പ്രാബല്യം 31.03.1984 മുതൽ 11.09.2006 വരെ ആയതിനാലും ശ്രീ.

അനിൽകുമാർ.എസ് 24.06.2005 തീയതിയിൽ മുനിസിപ്പൽ കോമൺസർവ്വീസിൽ ജോലിയിൽ പ്രവേശിച്ചതിനാലും ടിയാൾ ഗ്രാമവികസനവകുപ്പിൽ രണ്ടാം ഗ്രേഡ് വില്ലേജ് എക്സ്റ്റ്ൻഷൻ ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ച 17.06.2004 മുതൽ 23.06.2005 വരെ വരെയുള്ള കാലയളവിലെ സർവ്വീസ് 24-06-2005 മുതലുള്ള മുനിസിപ്പൽ കോമൺസർവ്വീസിൽ ശമ്പള നിർണയത്തിന് പരിഗണിച്ചും ടിയാളുടെ അടിസ്ഥാന ശമ്പളം 3125 രൂപയിൽ നിർണ്ണയിക്കുന്നതിനും ഉത്തരവാകുന്നു.

4. സർക്കാർ സർവീസ് പരിഗണിച്ച് മുനിസിപ്പൽ കോമൺ സർവീസിൽ ഇൻക്രിമെന്റ് നൽകുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ മുൻസിപ്പൽ കോമൺ സർവീസിലെ എൽ.ഡി.ക്ളാർക്ക് തസ്തികയിൽ ഒരു വർഷ സേവനം പൂർത്തിയാകുന്ന 01.06.2006 തീയതിയിൽ ആദ്യത്തെ ഇൻക്രിമെന്റ് നല്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ്.മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ശ്രീ. അനിൽകുമാർ.എസ്.-ന്റെ സേവനപുസ്തകവും ഉൾപ്പെടെ)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, കൊല്ലം നഗരസഭ.

ശ്രീ. അനിൽകുമാർ.എസ്.,സീനിയർ ക്ലർക്ക്, കൊല്ലം നഗരസഭ.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻഓഫീസർ